**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 78** **10-08-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം,<br>ശ്രീ വി ജോയി,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ എം രാജഗോപാലൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (എ) | പരിഗണിക്കുന്നുണ്ട്. മുൻകാലങ്ങളിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ മത്സ്യകേരളം, മത്സ്യ സമൃദ്ധി എന്നീ പദ്ധതികളിൽ മത്സ്യ കൃഷിക്കായി (ഫാമുകൾ/ പാടശേഖര മത്സ്യകൃഷി/ കല്ലുമ്മേക്കായ കൃഷി യൂണിറ്റുകൾ) ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നു. ഈ പദ്ധതി നിലനിന്നിരുന്ന കാലയളവിൽ മാത്രമാണ് ഇൻഷ്വറൻസ് പരിരക്ഷ മത്സ്യകൃഷിക്കായി ഉണ്ടായിരുന്നത്.<br><br>എന്നാൽ നിലവിൽ സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ 25 ഓളം മത്സ്യ കൃഷി രീതികളാണ് നടപ്പിലാക്കിവരുന്നത്. ടി പദ്ധതി പ്രകാരമുള്ള മത്സ്യ കൃഷിക്ക് വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുവാൻ ഇൻഷ്വറൻസ് കമ്പനികളുമായി യോഗം ചേരുകയും തുടർന്ന് 4 പ്രാവശ്യം ടെണ്ടറുകൾ ക്ഷണിച്ചിരുന്നെങ്കിലും ടെണ്ടറിൽ ആരും പങ്കെടുത്തില്ല. ആയതിനാൽ ടി പദ്ധതിയിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മാതൃകയിൽ മത്സ്യകൃഷി രംഗത്തും വിള ഇൻഷ്വറൻസ് പദ്ധതി അവലംബിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | മുൻകാലങ്ങളിൽ ഉണ്ടായിരുന്ന ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി തുടരുന്നതിന് കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട് . |
| (സി) | കർഷകർക്ക് ഗുണനിലവാരമുള്ള മത്സ്യവിത്ത് ലഭ്യമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് | (സി) | സംസ്ഥാനത്തെ മത്സ്യ കർഷകർക്ക് ഗുണനിലവാരമുള്ള മത്സ്യവിത്ത് ലഭ്യമാക്കുന്നതിനും |

| | | | |
|---|---|---|---|
| | മത്സ്യവിത്ത് കേന്ദ്രം മുഖേന നടപ്പാക്കി വരുന്നതെന്ന് വിശദമാക്കുമോ? | | ആയതിന്റെ സംഭരണവും വിപണനവും നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും കേരള മത്സ്യ വിത്ത് ആക്ട് 2014 (2015 ലെ 4-ാം ആക്ട്) പ്രകാരം കേരള സർക്കാർ രൂപീകരിച്ചതാണ് സംസ്ഥാന മത്സ്യ വിത്ത് കേന്ദ്രം.<br><br>കർഷകർക്ക് ലഭ്യമാകുന്ന മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ 249 സീഡ് ഫാമുകൾ, 82 മത്സ്യ വിത്ത് ഹാച്ചറികൾ, 19 ചെമ്മീൻ ഹാച്ചറികൾ, 557 അലങ്കാര മത്സ്യവിത്ത് ഹാച്ചറികൾ എന്നിവയ്ക്ക് മത്സ്യവിത്ത് കേന്ദ്രം മുഖേന രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ നൽകിയിട്ടുണ്ട്. മത്സ്യവിത്തിന്റെ ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനുവേണ്ടി 14 ജില്ലകളിലും സീഡ് ഇൻസ്പെക്ടർമാരെ നിയോഗിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ജില്ലകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യ വിത്തുല്പാദനകേന്ദ്രങ്ങളിലും ഹാച്ചറികളിലും പരിശോധന നടത്തി മത്സ്യ വിത്തിന്റെ ഗുണമേന്മ, വലുപ്പം, രോഗ നിർണ്ണയം എന്നിവ നടത്തുകയും ഗുണനിലവാരം കുറഞ്ഞതും, നടപടിക്രമം പാലിക്കാതെയും മത്സ്യവിത്ത് വിപണനം ചെയ്യുന്ന കേന്ദ്രങ്ങൾക്കെതിരെ മത്സ്യവിത്ത് നിയമത്തിലെ വകുപ്പ് 30 പ്രകാരം ന്യായ നിർണ്ണയം നടത്തി പിഴ ഈടാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്. കൂടാതെ വിദേശത്തുനിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നുമുള്ള മത്സ്യവിത്ത് ഇറക്കുമതിയും കയറ്റുമതിയും നിയന്ത്രിക്കുന്നതിനായി ചെക്ക്പോസ്റ്റുകൾ, റെയിൽവേസ്റ്റേഷൻ, വിമനത്താവളം എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടർച്ചയായി പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. വിതരണം ചെയ്യുന്ന മത്സ്യവിത്തുകൾ രോഗ വിമുക്തമാണെന്ന് കണ്ടെത്താൻ പരീക്ഷണ ശാലകളിൽ പരിശോധനയും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ